Parish Bulletin - Oct 14, 2018

# St. Mary's Knanaya Catholic Parish

7800 W. Lyons, Morton Grove, IL. 60053

www.smkcparish.us . 847 919 5279




**Pastor:** Rev. Fr. Thomas Mulavanal
*eMail: mulavan@hotmail.com Ph: 310 709 5111*
***Associate Pastor:*** *Rev. Fr. Bins Chethalil*
*Ph: 281 818 6518*
***Secretary:*** *Rev. Sr.Sylverius SVM Ph: 224 432 3217*

***Trustees:***

*(Coordinator) Tito Kandarappallil Ph: 847 323 3109*
*Polson Kulangara Ph: 847 207 1274*
*Joy Chemmachel Ph: 312 560 1600*
*Siby Kaithakkathottiyil Ph: 773 620 1202*
*Tony Kizhakkekuttu ph: 847 736 5151*

## HOLY MASS SCHEDULE

**SUNDAY**

07:45am Holy Mass in Malayalam
10:00am Holy Mass in Malayalam
11:45am Holy Mass in English
05:30pm Holy Mass in Malayalam

**MONDAY — THURSDAY**

07:00pm Holy Mass in Malayalam

**TUESDAY**

After Mass Novena to St. Anthony

**THURSDAY**

After Mass Novena to St. Jude

**FRIDAY**

06:00pm Holy Mass in Malayalam

**SATURDAY**

10:00am Holy Mass in Malayalam followed by Novena to Our Lady of Perpetual Help

## വരും നാളുകളിൽ

| | |
|---|---|
| Nov 23 to 26 | റവ.ഫാ.ഡോമിനിക്ക് വാള്മനാൽ നയിക്കുന്ന ത്രിദിന ബൈബിൾ കൺവെൻഷൻ |

## WEDDING BANNS

**Philby Madayanakavil Philip**

***Wedding of Philby d/o Philip and Beena from Madayanakavil family of St. Mary's Knanaya Catholic Church, Morton Grove, Chicago with Sony Joseph s/o Johny and Mercy from Illikattil family of Holy family Knanaya catholic Parish, Atlanta is scheduled on November 24, 2018.***

If there is any canonical impediments, kindly inform the pastor's office.

## കൊന്ത പത്തിന് ഭക്തിനിർഭരമായ സമാപനം

ചിക്കാഗോ സെൻറ് മേരീസ് ദൈവാലയത്തിൽ കൊന്ത പത്തിന് ഭക്തിനിർഭരമായ സമാപനം. ഇരിങ്ങാലക്കുട ബിഷപ് മാർ പോളി കണ്ണൂക്കാടൻ, ഷിക്കാഗോ സീറോ മലബാർ രൂപത സഹായ മെത്രാൻ മാർ ജോയി ആലപ്പാട്ട്, ഇടവക വികാരി മോൺ. തോമസ് മുളവനാൽ,ഫാ. ബിൻസ് ചേത്തലിൽ, ഫാ. സ്റ്റീഫൻ നടക്കുയക്കൽ എന്നിവർ കൊന്ത പത്തിന്റെ സമാപനദിനമായ ഒക്ടോബർ 10 ബുധനാഴ്ച വൈകിട്ട് 7 മണിക്ക് സെ.മേരിസിൽ വിശുദ്ധ ബലിയർപ്പിച്ചു.





പത്തു ദിവസം അടുപ്പിച്ച് റോസറി ചലഞ്ചിൽ സംബന്ധിച്ച കുട്ടികൾ പിതാക്കന്മാരുടെ ഒപ്പം







കൊന്ത പത്തിന്റെ സമാപന ദിനത്തിൽ നടത്തിയ നേർച്ച വിതരണം.





എലിയാ സ്ലീവ മൂശാക്കാലം ഏഴാം ഞായർ / Seventh Sunday of ELIJAH-CROSS-MOSES

| Oct 14 | PASSAGE | 10:00 AM Mass | 11:45 AM English Mass |
|---|---|---|---|
| 1st Reading | Deut 11: 26– 32 | Bini Theccanat | Nicole Muzhyanmakkal |
| 2nd Reading | Is 41 : 01-07 | Bijil Kandarappallil | Solomon Edat |
| Gospel | Lk 8 : 41B—56 | | |










വിശ്വാസപരിശീലനത്തിൽ മാതാപിതാക്കൾക്കുള്ള പങ്ക് "എന്ന വിഷയത്തെ ആസ്പദമാക്കി വളരെ വിജ്ഞാനപ്രദമായ ഒരു ക്ലാസ് ഈ ഞായറാഴ്ച 10 മണിക്കുള്ള കുർബാനയ്ക്കുശേഷം പള്ളിയുടെ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു . മതബോധന രംഗത്ത് അഗാധ പാണ്ഡിത്യം ഉള്ള ഫാ. ജോർജ് ദാനവേലിൽ ആണ് ക്ളാസ്സുകൾ കൈകാര്യം ചെയ്യുന്നത് . എല്ലാ മാതാപിതാക്കളും ഇതൊരു അറിയിപ്പായി സ്വീകരിച്ചു ഞായറാഴ്ച ക്ലാസ്സിൽ പങ്കെടുക്കുവാനുള്ള ക്രമീകരണം ചെയ്യണമെന്ന് ഓർമിപ്പിക്കുന്നു .



# *വിശുദ്ധ കന്തീശങ്ങളുടെ തിരുനാളും ഇരട്ട സംഗമവും സംയുക്തമായി ആഘോഷിച്ചു*

സെ.മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ ഇരട്ട സഹോദരങ്ങളായ വിശുദ്ധ ഗർവ്വാസീസന്റെയും വി. പ്രോത്താസീസന്റെയും തിരുനാളും ഇരട്ട സംഗമവും സംയുക്തമായി ആഘോഷിച്ചു. ഒക്ടോബർ ഏഴാം തീയതി ഞായറാഴ്ച രാവിലെ 10 മണിക്ക് നടന്ന വിശുദ്ധ ബലിയോടെയാണ് തിരുനാൾ ആഘോഷവും അതിനോടനുബന്ധിച്ച് ഇരട്ട സംഗമവും സംഘടിപ്പിച്ചത്. ഇടവക വികാരി റവ.ഫാ. തോമസ് മുളവനാൽ വിശുദ്ധ ബലിയിലും തുടർന്ന് നടന്ന തിരുകർമ്മങ്ങളിലും മുഖ്യകാർമികനായിരുന്നു. ഇടവക ദേവാലയത്തിലെ ഇരുപത്തിയൊന്ന് ഇരട്ട സഹോദരങ്ങൾ സംഗമത്തിൽ പങ്കെടുത്തു . രാവിലെ 9.45ന് ആരംഭിച്ച പ്രൊസഷനിൽ വർണപ്പകിട്ടാർന്ന ഒരെ ജോഡി വസ്ത്രങ്ങൾ അണിഞ്ഞ് ഇരുനിരയായി അണിനിരന്ന ഇരട്ട സഹോദരങ്ങൾ കാഴ്ച വസ്തുക്കൾ അടങ്ങിയ താലവുമേന്തി ബലിപീഠത്തിനരികെയെത്തി കാഴ്ചവസ്തുക്കൾ സമർപ്പിച്ചു. പുതുമയാർന്ന ഒരുക്കത്തോടെ ആദ്യമായി സെ.മേരീസ് ദേവാലയത്തിൽ നടത്തിയ ഇരട്ടസംഗമം ഇടവക ജനങ്ങൾക്കിതൊരു നവ്യാനുഭവമായിരുന്നു. സംഗമത്തിൽ പങ്കെടുത്ത എല്ലാ ഇരട്ട സഹോദരങ്ങൾക്കും സമ്മാനങ്ങൾ നൽകി ഇടവക ഇവരെ ആദരിച്ചു.










# വിസ്കോ ദർശൻ' വിനോദയാത്ര ഉല്ലാസപ്രദമായി

മോർട്ടൺഗ്രോവ് സെ.മേരിസ് ഇടവകയിലെ മെൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 'വിസ്കോ ദർശൻ' വിനോദയാത്ര ഉല്ലാസപ്രദമായി.വിസ്കോൺസിൻ സ്റ്റേറ്റിലെ ഡെവിൾസ് ലേയ്ക്കിലേക്കായിരുന്നു യാത്ര സംഘടിപ്പിച്ചത്. ഒക്ടോബർ 6 ശനിയാഴ്ച രാവിലെ 7.30 ന് ഇടവക വികാരി മോൺ. തോമസ് മുളവനാലിന്റെ കാർമികത്വത്തിൽ നടത്തിയ വിശുദ്ധ കുർബാനയ്ക്കുശേഷം പുറപ്പെട്ട യാത്രയിൽ 43 പേർ പങ്കെടുത്തു. ആഡംബര വാഹനത്തിൽ നടത്തിയ വിനോദയാത്ര കളിചിരി തമാശകൾ കൊണ്ട് ആനന്ദവും ആഹ്ലാദപ്രദവുമാക്കി. ഉച്ചഭക്ഷണത്തിനായി യാത്രാസംഘം പ്രശസ്തമായ ഡെവിൾസ് നദീതടകതീരത്ത് ഒരുമിക്കുകയും ഗൃഹാതുരസ്മരണകൾ വിളിച്ചോതുന്നവിധത്തിൽ പൊതിച്ചോറ് ക്രമീകരിച്ചത് ആസ്വദിക്കുകയും ചെയ്തു. തുടർന്നു പ്രകൃതിരമണീയമായ വഴിയോരക്കാഴ്ചകൾ കണ്ടുകൊണ്ടുള്ള നദീതീര നടയാത്ര, കല്ലിടുക്കുകൾ നിറഞ്ഞ ഉയർന്ന മലമുകളിലേക്കുള്ള സാഹസികയാത്ര തുടങ്ങിയ വിനോദങ്ങളിൽ പങ്കെടുത്തുകൊണ്ട് സമയം ചിലവഴിച്ചു.

ഭാവിയിൽ ഉചിതമായ അവസരങ്ങളിൽ ഇനിയും ഉല്ലാസയാത്രകൾ സംഘടിപ്പിക്കണമെന്ന് യാത്രയിൽ പങ്കെടുത്തവർ സംഘാടകരോട് ആവശ്യപ്പെടുകയും അതനുസരിച്ച് ക്രമീകരണങ്ങൾ ഒരുക്കുമെന്നവർ ഉറപ്പുനൽകുകയും ചെയ്തു. ടിറ്റോ കണ്ടാരപ്പള്ളിൽ, പോൾസൺ കുളങ്ങര, സിബി കൈതക്ക തൊട്ടിയിൽ, ജോൺ പാട്ടപൊതിയിൽ, സാബു നടുവീട്ടിൽ എന്നിവർ 'വിസ്കോദർശൻ'വിനോദ യാത്രയ്ക്ക് വേണ്ട ക്രമീകരണങ്ങൾ ഒരുക്കി.










